**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4354** **25.06.2019 ൽ മറുപടിക്ക്**

**അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ നിർമ്മാണം**

| **ചോദ്യം**<br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പാറശ്ശാല നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ നിർമ്മാണം കരാറുകാരന്റെയും ഉദ്യോഗസ്ഥരുടെയും മെല്ലെപ്പോക്ക് കാരണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിച്ച് റോഡ് നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, വാട്ടർ സപ്ലൈ മെയിൻ ലൈനുകൾ മാറ്റി സ്ഥാപിക്കൽ എന്നിവമൂലം റോഡ് പ്രവൃത്തിയിൽ കാലതാമസം ഉണ്ടായി. കൂടാതെ ബി.എം & ബി.സി. പ്ലാന്റ് സ്ഥാപിക്കുവാനായി കരാറുകാരന് നാട്ടുകാരുടെ എതിർപ്പുമൂലം കഴിഞ്ഞില്ല എന്നതും നിർമ്മാണ പ്രവൃത്തിക്ക് കാലതാമസം ഉണ്ടാക്കി. ടി പ്രശ്നങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണം പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്നവ ഏതെല്ലാമാണെന്നുമുള്ളത് സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) അമരവിള - ഒറ്റശേഖരമംഗലം റോഡിൽ അമരവിള (കി.മീ. 0/000) മുതൽ പറയ്ക്കോട്ടുകോണം വരെയും (2/850) പൂവൻകാല (കി.മീ.3/500) മുതൽ പെരുങ്കടവിള വരെ (കി.മീ. 7/00) യുമുള്ള റോഡിന്റെ വീതി കൂട്ടലും, ഡെൻസ് ബിറ്റുമിൻ മെക്കാഡം പ്രവൃത്തിയും, 60 ശതമാനം ഓട നിർമ്മാണവും 60 ശതമാനം സംരക്ഷണഭിത്തിയുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കി.മീ. 6/750 ൽ പെരുങ്കടവിളയ്ക്ക് സമീപത്ത് ഒരു ബോക്സ് കൾവർട്ടും നിർമ്മിച്ചു. ഏകദേശം 35 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |

പെരുങ്കടവിള (കി.മീ.7/00) മുതൽ ആര്യങ്കോട് പാലം വരെ (കി.മീ. 12/200) വരെയുള്ള റോഡിന്റെ വീതി കൂട്ടൽ DBM & BC വർക്കും, ഓട നിർമ്മാണവും, സംരക്ഷണഭിത്തികളുടെ നിർമ്മാണവും, ഫുട്പാത്ത് നിർമ്മാണവും, രണ്ട് ഫുട് ബ്രിഡ്ജുകളുടെ നിർമ്മാണവും, 20 വെയിറ്റിംഗ് ഷെഡുകളുടെ നിർമ്മാണവും റോഡ് സേഫ്റ്റി വർക്കുകളുമാണ് ഇനി എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുള്ളത്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തിരമായി ചെയ്തു തീർക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ